"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് -എക്സൈസ് ജീവനക്കാര്യം - എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ ഡ്രൈവറുടെ രണ്ട് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## നികുതി(എഫ്) വകുപ്പ്

**സ.ഉ.(കൈ) നം.64/2025/TAXES** **തീയതി,തിരുവനന്തപുരം, 04-07-2025**

---

പരാമർശം:- എക്സൈസ് കമ്മീഷണറുടെ 12.04.2023 തീയതിയിലെ ഇ.എക്സ്.സി/1777/2023-ഇ10 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ജില്ലാതല വേക്കൻസിയിൽ കൊല്ലം ജില്ലയിൽ എക്സൈസ് ഡ്രൈവർമാരായി നിയമനം നേടുകയും, എന്നാൽ ശൂന്യവേതനാവധിയിലായിരുന്ന രണ്ട് എക്സൈസ് ഡ്രൈവർമാർ തിരികെ സേവനത്തിൽ പ്രവേശിച്ചപ്പോൾ സർവ്വീസിൽ നിന്നും പുറത്താകുകയും ചെയ്ത കൊല്ലം ജില്ലയിലെ ജൂനിയർ മോസ്റ്റ് സിവിൽ എക്സൈസ് ഓഫീസർ ഡ്രൈവർമാരായ ശ്രീ.പ്രശാന്ത് എം.ആർ, ശ്രീ.നവാസ് കെ എന്നിവരെ സർവ്വീസിൽ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും, കൊല്ലം ഡിവിഷനിൽ ഇനി ഒരു ഡ്രൈവറുടെ വിരമിക്കൽ 30/04/2026-ലും, മറ്റൊന്നു 31/05/2027-ലുമാണ് ഉണ്ടാകുന്നതെന്നും, ടി തീയതികളിൽ മാത്രമേ ടിയാന്മാർക്ക് നിലവിലെ അവസ്ഥയിൽ പുനർനിയമനം നൽകാൻ കഴിയുകയുള്ളൂ എന്നും പരാമർശിത കത്ത് പ്രകാരം എക്സൈസ് കമ്മീഷണർ അറിയിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വകുപ്പിൽ വാഹനം

നിലവിലുള്ളതും എന്നാൽ സ്ഥിരം ഡ്രൈവർ തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതുമായ സ്ഥലങ്ങളിൽ നിയമനം നൽകണമെന്നും നിയമന യൂണിറ്റിൽ ( കൊല്ലം) തൊട്ടടുത്ത് ഉണ്ടാകുന്ന ഒഴിവുകളിൽ  ടിയാളുകളെ ആഗിരണം ചെയ്യണം എന്നുമുള്ള വ്യവസ്ഥകളോടെ, പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം ലഭിച്ച രണ്ട് ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടായ ജാഗ്രത കുറവുമൂലം ജോലി നഷ്ടപ്പെട്ടിട്ടുള്ള സാഹചര്യം ഉണ്ടായിരിക്കുന്നു എന്ന പ്രത്യേക സാഹചര്യം പരിഗണിച്ച്, ശ്രീ.നവാസ് കെ, ശ്രീ.പ്രശാന്ത് എം.ആർ എന്നിവർക്കുവേണ്ടി സിവിൽ എക്സൈസ് ഓഫീസർ ഡ്രൈവറുടെ രണ്ട് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

അഡീഷണൽ ചീഫ് സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം

2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് -ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം

3.പൊതുഭരണ(എസ്.സി) വകുപ്പ് (ഇനം നം. 3089 തീയതി 02.07.2025)

4.ധനകാര്യം വകുപ്പ് (വ്യയം -ബി1/43/2025-ധന തീയതി 01.05.2025 പ്രകാരം)

5.വെബ് &ന്യൂ മീഡിയ

6.കരുതൽ ഫയൽ /ഓഫീസ് കോപ്പി(എഫ്1/106/23/നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Hemalatha Das
സെക്ഷൻ ഓഫീസർ
Date: 05-07-2025 09:47:44

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 02-07-2025

ഫയൽ നം. എഫ്1/106/2023/നി.വ. ഇനം നം: 3089

വിഷയം : നികുതി വകുപ്പ് - എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ ഡ്രൈവർമാരുടെ രണ്ട് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.

SO(F)
02/7/25
AS

3089

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | **നം.എഫ്1/106/2023/നി.വ.** |
| 2. | വകുപ്പ് | : | **നികുതി (എഫ്) വകുപ്പ്.** |
| 3 | വിഷയം | : | **എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ ഡ്രൈവർമാരുടെ രണ്ട് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നത് – സംബന്ധിച്ച്** |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | **09/06/2025** |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | **അതെ** |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | **ഉണ്ട്.** |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? | : | **ഇല്ല** |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | **ശ്രീ.പ്രമോദ്.എം.വി** |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | **ശ്രീ.കെ.ആർ .ജ്യോതിലാൽ** |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | **23/06/2025** |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | **ഡോ.എ.ജയതിലക്.** |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | **25/06/2025** |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | **ശ്രീ.എം.ബി.രാജേഷ്** |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | **26/06/2025** |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | **27/06/2025** |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ ഡ്രൈവർമാരുടെ രണ്ട് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ജില്ലാതല വേക്കൻസിയിൽ കൊല്ലം ജില്ലയിൽ എക്സൈസ് ഡ്രൈവർമാരായി നിയമനം നേടുകയും എന്നാൽ ശൂന്യവേതനാവധിയിലായിരുന്ന രണ്ട് ഡ്രൈവർമാർ തിരികെ സേവനത്തിൽ പ്രവേശിച്ചപ്പോൾ പുറത്താകുകയും ചെയ്ത കൊല്ലം ജില്ലയിലെ ജൂനിയർ മോസ്റ്റ് സിവിൽ എക്സൈസ് ഓഫീസർ ഡ്രൈവർമാരായ ശ്രീ.പ്രശാന്ത് .എം.ആർ, നവാസ് കെ. എന്നിവരെ സർവ്വീസിൽ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് എക്സൈസ് കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.കൊല്ലം ഡിവിഷനിൽ ഇനി ഒരു ഡ്രൈവറുടെ വിരമിക്കൽ 30/04/2026 – ലാണ് ഉണ്ടാകുന്നത്. അതിന് ശേഷം 31/05/2027 – ൽ ഒരു വിരമിക്കൽകൂടി ഉണ്ടാകും. ടി തീയതികളിൽ മാത്രമേ ടിയാന്മാർക്ക് നിലവിലെ അവസ്ഥയിൽ പുനർ നിയമനം നൽകാൻ കഴിയുകയുള്ളൂ എന്നും എക്സൈസ് കമ്മീഷണർ അറിയിക്കുകയുണ്ടായി

3. 2 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ, ടി വകുപ്പ് ചുവടെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി

'ഭരണ വകുപ്പിനെ ചുവടെ പറയും പ്രകാരം അറിയിക്കുന്നു.

ശ്രീ. ബിനോജ് വി, ശ്രീ.മുഹമ്മദ് ആഷിക് എന്നിവർ രണ്ടുവർഷത്തെ ശൂന്യവേതന അവധിയിലാണ് പ്രവേശിച്ചിരുന്നത്. ശ്രീ. പ്രശാന്ത് എം.ആർ 2022 ഒക്ടോബർ 14 -ാം തീയതിയും, ശ്രീ. നവാസ്.കെ. 2022 ഒക്ടോബർ 20 -ാം തീയതിയും ആണ് സർവീസിൽ പ്രവേശിച്ചിട്ടുള്ളത്. പുതിയ ഒഴിവുകൾ 2026, 2027 വർഷങ്ങളിൽ മാത്രമേ ഉണ്ടാകൂ എന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അതായത്, ശ്രീ. ബിനോജ് വി, ശ്രീ.മുഹമ്മദ് ആഷിക് എന്നിവർ അവധി പൂർത്തികരിച്ച് വകുപ്പിൽ പുനഃപ്രവേശിക്കുന്ന തീയതിയിലും ടിയാൻമാരെ പ്രവേശിപ്പിക്കുവാൻ ഒഴിവ് നീക്കി

വയ്ക്കാതെയാണ് എക്സൈസ് വകുപ്പ് പുതിയ നിയമനം നടത്തിയിട്ടുള്ളത് എന്ന് കാണുന്നു. അതായത്, ഈ വിഷയത്തിൽ എക്സൈസ് വകുപ്പിന്റെ ഭാഗത്തുനിന്നും ജാഗ്രതക്കുറവ് ഉണ്ടായിട്ടുണ്ട്. ഈ വിഷയം ഭരണ വകുപ്പ് പരിശോധിയ്ക്കണം എന്ന് അറിയിക്കുന്നു.ശൂന്യവേതന അവധിയിൽ പ്രവേശിക്കപ്പെടുന്ന ഒഴിവിൽ പി.എസ്.സി വഴി പുതിയ നിയമനം നടത്തിയാൽ ശൂന്യവേതന അവധിയിൽ ആയിരിക്കുന്നവർ തിരികെ സർവീസിൽ പ്രവേശിക്കുന്ന സമയം ആയവർക്ക് നിയമനം നൽകുന്നതിന് വേണ്ടി ഒഴിവ് ഉറപ്പാക്കിയതിനുശേഷം ആയിരിക്കണം നിയമനം നടത്തേണ്ടത്.

ആയതിനാൽ ശൂന്യവേതന അവധിയിലായിരുന്ന ഉദ്യോഗസ്ഥർ സർവീസിൽ പുനഃപ്രവേശിക്കുന്നത് വഴി വേക്കൻസി ഇല്ലാതായത് മൂലം ജോലി നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികളുടെ കാര്യത്തിൽ പി.എസ്.സി റെഗുലേഷൻസ് പ്രകാരമുള്ള നടപടികളാണ് സ്വീകരിക്കേണ്ടത് എന്നും അത്തരത്തിൽ thrown out ആയപ്പെട്ടവരെ നിയമിക്കുന്നതിന് വേണ്ടി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നത് അധിക തസ്തിക സൃഷ്ടിക്കൽ പോലെ സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതാണ് എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു. അത്തരത്തിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നൽകുന്ന കീഴ്വഴക്കം ഉണ്ടായാൽ ഒഴിവുകൾ കണക്കിലെടുക്കാതെ താൽക്കാലിക ഒഴിവുകളിൽ നിയമനം നടത്തുന്ന സാഹചര്യമുണ്ടാകും എന്നും അത് സർക്കാരിന് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാക്കും എന്നും പി.എസ്.സി നിയമനം ലഭിച്ച കഴിഞ്ഞാലും പിന്നീട് ഒഴിവുകൾ നഷ്ടപ്പെടുന്നത് മൂലം thrown out ആകും എന്നുള്ളത് പ്രതീക്ഷിക്കപ്പെടുന്ന സാഹചര്യമാണ് എന്നും അത്തരത്തിലുള്ള സാഹചര്യം കൈകാര്യം ചെയ്യുവാൻ പി.എസ്.സി റെഗുലേഷനിൽ തന്നെ വ്യവസ്ഥയുള്ളതിനാൽ ഭാവിയിൽ ഇത്തരം കേസുകളിൽ അപ്രകാരമുള്ള നടപടികൾ സ്വീകരിക്കണം എന്നും അറിയിക്കുന്നു.

ഫയലിൽ പരാമർശിക്കുന്ന കേസിൽ PSC നിയമനം ലഭിച്ച രണ്ട് ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടായ ജാഗ്രത കുറവ് മൂലം ജോലി നഷ്ടപ്പെട്ടിട്ടുള്ള സാഹചര്യം ഉണ്ടായിരിക്കുന്നു എന്ന പ്രത്യേക സാഹചര്യം പരിഗണിച്ച് ശ്രീ.നവാസ്.കെ, ശ്രീ.പ്രശാന്ത്.എം.ആർ എന്നിവർക്ക് വേണ്ടി സിവിൽ എക്സൈസ് ഡ്രൈവറുടെ രണ്ട് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു. വകുപ്പിൽ വാഹനം നിലവിലുള്ളതും എന്നാൽ സ്ഥിരം ഡ്രൈവർ തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതുമായ സ്ഥലങ്ങളിൽ സൂപ്പർ ന്യൂമററി തസ്തിക

സൃഷ്ടിക്കണം എന്നും നിയമന യൂണിറ്റിൽ തൊട്ട് അടുത്ത് ഉണ്ടാകുന്ന ഒഴിവിൽ ടിയാളുകളെ ആഗിരണം ചെയ്യണം എന്നും അറിയിക്കുന്നു.

ഇതിന് ബഹു ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

4. ധനകാര്യ വകുപ്പിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ വകുപ്പിൽ വാഹനം നിലവിലുള്ളതും എന്നാൽ സ്ഥിരം ഡ്രൈവർ തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതുമായ സ്ഥലങ്ങളിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കണം എന്നും, നിയമന യൂണിറ്റിൽ തൊട്ടടുത്ത് ഉണ്ടാകുന്ന ഒഴിവിൽ ടിയാളുകളെ ആഗിരണം ചെയ്യണം എന്ന വ്യവസ്ഥയോടെ, PSC നിയമനം ലഭിച്ച രണ്ട് ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടായ ജാഗ്രത കുറവ് മൂലം ജോലി നഷ്ടപ്പെട്ടിട്ടുള്ള സാഹചര്യം ഉണ്ടായിരിക്കുന്നു എന്ന പ്രത്യേക സാഹചര്യം പരിഗണിച്ച് ശ്രീ.നവാസ്.കെ, ശ്രീ.പ്രശാന്ത്.എം.ആർ എന്നിവർക്ക് വേണ്ടി സിവിൽ എക്സൈസ് ഡ്രൈവറുടെ രണ്ട് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കാമോ എന്നത് സംബന്ധിച്ച് ഉത്തരവിനായി ഫയൽ ബഹു.എക്സൈസ് വകുപ്പ് മന്ത്രി മുഖേന ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തിരുന്നു.

5. ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു മുഖ്യമന്ത്രി ഉത്തരവാകുകയുണ്ടായി .

## തീരുമാനിക്കേണ്ട വിഷയം

ധനകാര്യ വകുപ്പിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ വകുപ്പിൽ വാഹനം നിലവിലുള്ളതും എന്നാൽ സ്ഥിരം ഡ്രൈവർ തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതുമായ സ്ഥലങ്ങളിൽ നിയമനം നൽകണമെന്നും, നിയമന യൂണിറ്റിൽ തൊട്ടടുത്ത് ഉണ്ടാകുന്ന ഒഴിവിൽ ടിയാളുകളെ ആഗിരണം ചെയ്യണം എന്ന വ്യവസ്ഥയോടെ, PSC നിയമനം ലഭിച്ച രണ്ട് ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടായ ജാഗ്രത കുറവ് മൂലം ജോലി നഷ്ടപ്പെട്ടിട്ടുള്ള

പ്രത്യേക സാഹചര്യം പരിഗണിച്ച് ശ്രീ.നവാസ്.കെ, ശ്രീ.പ്രശാന്ത്.എം.ആർ എന്നിവർക്ക് വേണ്ടി സിവിൽ എക്സൈസ് ഡ്രൈവറുടെ രണ്ട് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കാമോ?